(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2000-ത്തിലെ കേരള കമാന്റ് ഏരിയ വികസന (ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : സർ, 2000-ത്തിലെ കേരളാ കമാന്റ് ഏരിയ വികസന (ഭേദഗതി) ബില്ലിനെപ്പറ്റിയുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പു മന്ത്രിക്കു വേണ്ടി ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

VI. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

1. റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 34-ാമതു റിപ്പോർട്ട്.

ശ്രീ. രാജു എബ്രഹാം : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിനാലാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, ഞാൻ പിന്താങ്ങുന്നു.

(റിപ്പോർട്ട് സഭ അംഗീകരിച്ചു)

അനൗദ്യോഗിക പ്രമേയങ്ങളുടെയും ബില്ലുകളുടേയും അവതരണം സംബന്ധിച്ച്.

മി. സ്പീക്കർ : അനൗദ്യോഗിക ബില്ലുകളുടെ വിഷയത്തിലേക്ക് വരുന്ന അവസരത്തിൽ ഒരു പ്രധാനപ്പെട്ട കാര്യം പറയാനുള്ളത്, ഈ സെഷനിൽ തന്നെ കഴിഞ്ഞ അനൗദ്യോഗിക ബില്ലുകളുടെ ദിവസം പ്രൊഫ. മീനാക്ഷി തമ്പാൻ ഇവിടെ കൊണ്ടു വന്ന ഒരു ബില്ലുണ്ട് - Code of Criminal Procedure Amendment Bill, 1996; ആ ബിൽ ഇവിടെ ചർച്ച ചെയ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നിയമവകുപ്പുമന്ത്രി തന്നെ അതേ സ്പിരിറ്റിൽ ഇവിടെ അംഗീകരിച്ചിരിക്കുന്നു. പിന്നെ അത് ഇംപ്ലിമെന്റ് ചെയ്യുന്നതിനുവേണ്ടി, അതിന് ഭേദഗതി വേണമല്ലോ. എത്ര എമൗണ്ട് എന്നൊക്കെ നിശ്ചയിച്ച് ക്യാബിനറ്റിൽ വന്നു. ക്യാബിനറ്റ് അപ്രൂവ് ചെയ്തു. ലെജിസ്ലേച്ചറിന് കിട്ടി. ഇവിടെ പബ്ലിഷ് ചെയ്തിരിക്കുകയാണ്. പക്ഷേ നമുക്കത് ഈ സെഷനിൽ കൊണ്ടുവരാൻ നിവൃത്തിയില്ല. എന്നാലും.....

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, അതിന് പ്രസിഡന്റിന്റെ അനുവാദം വേണം. അത് കൺകറന്റ് ലിസ്റ്റിൽപ്പെട്ടതാണ്.

മി. സ്പീക്കർ : അതേ, അതിന്റെ കാലതാമസം മാത്രമേയുള്ളു. ഈ പത്താം നിയമസഭയെ സംബന്ധിച്ച് ഇത് ആദ്യത്തെ അനുഭവമാണ്. നല്ല ഒരു തുടക്കമാണ് കുറിച്ചിരിക്കുന്നത്. അത് ഇനിഷിയേറ്റു ചെയ്ത പ്രൊഫ. മീനാക്ഷി തമ്പാനെ ഞാൻ അഭിനന്ദിക്കുന്നു. നമ്മുടെ നിയമ വകുപ്പുമന്ത്രിയേയും ഞാൻ അഭിനന്ദിക്കുന്നു. അതു പറയുമ്പോൾ ഒരു കാര്യമുണ്ട്, നമ്മുടെ സ്വകാര്യ ബില്ലുകളെ സംബന്ധിച്ച് അത് സീരിയസ്സായി നമുക്ക് കൊണ്ടു വരുവാനും അത് പരിഗണിക്കാനും കഴിയണം, അതാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്. സർക്കാർ അംഗീകരിക്കാവുന്ന തരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly